ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

സംസ്ഥാന ഗവൺമെന്റിന് ഇന്ന് ഓവർഡ്രാഫ്റ്റ് ഒന്നുംതന്നെ നിലവിലില്ല.

നാളികേര കൃഷിക്കാരെ സഹായിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ

* 52 [52] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :

ശ്രീമതി റേയിച്ചൽ സ്പ്പി പനവേലി :

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ :

,, വി. സി. കബീർ :

,, എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ പദ്ധതികളേതെല്ലാം ;

(ബി) സംസ്ഥാനത്ത് നാളികേര കൃഷി വികസനത്തിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. തെങ്ങുരോഗം ബാധിച്ച് ഉൽപാദന ക്ഷമത നശിച്ച തെങ്ങുകളുടെ പുനരധിവാസത്തിനുള്ള വിപുലമായ പദ്ധതി.

2. തെങ്ങിൻ തോട്ടങ്ങൾക്ക് ജലസേചനം നൽകുന്നതിനുള്ള പദ്ധതി.

3. തെങ്ങിന് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള രാസവള പ്രയോഗം പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതി.

4. നാളികേരത്തിനു ന്യായമായ വില ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള കൊപ്രാ സംഭരണ പദ്ധതി.

(ബി) ഉണ്ട്.

(സി) നാളികേരത്തിന്റെയും നാളികേര ഉൽപന്നങ്ങളുടെയും സംഭരണം, സംസ്ക്കരണം വിപണനം എന്നിവ നവീകരിക്കുന്നതിനും ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് പുനസംഘടിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു കരടു പദ്ധതി തയ്യാറാക്കി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

റയിൽവേ വൈദ്യുതീകരണം

* 53 [53] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെങ്കിലും റയിൽവേ ലൈൻ വൈദ്യുതീകരിക്കാൻ ഉദ്ദേശിക്കുന്നതായി അറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത ലൈൻ ഏതാണെന്ന് വെളിപ്പെടുത്താമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) കേരളത്തിലെ ഒരു റയിൽവേ ലൈനും വൈദ്യുതീകരിക്കാൻ റയിൽവേ വകുപ്പ് ഇതുവരെ തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വിവിധ നികുതികളുടെ ക്രമീകരണം

* 54 [54] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതര ദക്ഷിണ സംസ്ഥാനങ്ങളിലെ നികുതി നിരക്കുകൾക്ക് ആനുപാതികമായി കേരളത്തിലെ വിവിധ നികുതികളും ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുമോ ;

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ പറയാമോ ;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് ധാരാളം സാധനങ്ങൾ സംസ്ഥാനത്തു കൊണ്ടുവന്നു വിൽപ്പന നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ, ബി) ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

(സി) തീവണ്ടി മാർഗ്ഗവും മറ്റും അനധികൃതമായി സാധനങ്ങൾ കൊണ്ടുവന്നു നികുതി വെട്ടിച്ചു വിൽപ്പന നടത്തുന്നത് കർശനമായി തടയാനും നികുതി വെട്ടിപ്പുകാരെ വെളിച്ചത്തു കൊണ്ടുവരാനുമായി അതിർത്തി ചെക്കുപോസ്റ്റുകളിലെ സ്റ്റാഫിന്റെ സംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രധാന റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ നിരീക്ഷണം നടത്തുന്നതിനുവേണ്ടി പ്രത്യേകം മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതു ജില്ലകൾതോറും ഇപ്പോൾ നിലവിലുള്ള ഇൻറലിജൻസ് സ്ക്വാഡുകൾക്ക് പുറമെയാണ്. ഈ നടപടികളിലൂടെ അനധികൃത വ്യാപാരവും നികുതി വെട്ടിപ്പും ഒരു പരിധിവരെ തടയാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

അരി വിഹിതം

184 [236] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 24 മുതൽ 1986 സെപ്റ്റംബർ 30 വരെയുള്ള ഓരോ മാസവും കേന്ദ്രം സംസ്ഥാനത്തിനനുവദിച്ച അരി വിഹിതം എത്ര ടൺ വീതമാണെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽ സൂചിപ്പിച്ച ഓരോ മാസവും അനുവദിച്ചതിൽ സംസ്ഥാന ഗവൺമെന്റ് വാങ്ങിയ അരിയുടെ കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

കേന്ദ്രം അനുവദിച്ച അരിയുടേയും സംസ്ഥാനം ഏറെടുത്ത അരിയുടെയും കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly